**ശ്രദ്ധക്ഷണിക്കൽ**

1. നെൽക്കൃഷി മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. മുരളി പെരുനെല്ലി: സർ, നമുക്ക് അന്നം നൽകുന്ന നെൽക്കർഷകർ നേരിടുന്ന പ്രയാസങ്ങൾ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ചെയ്യുന്നത്. കുട്ടനാട്, പാലക്കാട്, തൃശ്ശൂർ, പൊന്നാനി തുടങ്ങിയ കോൾനിലങ്ങൾ കൂടാതെ കരഭൂമിയടക്കമുള്ള ഏകദേശം മൂന്നുലക്ഷം ഹെക്ടറോളംവരുന്ന നെൽക്കൃഷി മേഖലയിലെ കൃഷിക്കാരുടെ പ്രശ്നങ്ങളാണ് ഇവിടെ ഉന്നയിക്കുന്നത്. നെൽക്കൃഷി സംരക്ഷണത്തിൽ കൃഷിവകുപ്പ് മാത്രമല്ല, ഇറിഗേഷൻ, സിവിൽ സപ്ലൈസ്, വൈദ്യുതി തുടങ്ങിയ വകുപ്പുകളുടെ പങ്ക് വളരെയധികം പ്രധാനപ്പെട്ടതാണ്. നെല്ലുല്പാദനത്തിൽ കമ്മി സംസ്ഥാനമായ കേരളം കഴിഞ്ഞ കുറെ വർഷങ്ങളായി സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും ശക്തമായ പ്രോത്സാഹനത്തിന്റെയും ഇടപെടലിന്റെയും ഭാഗമായി ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും മുന്നിട്ടുനിൽക്കുന്ന ഒരു സംസ്ഥാനമായി മാറിയിരിക്കുകയാണ്. ശാസ്ത്രീയമായി സംസ്കരിച്ചെടുക്കാത്ത വിത്തിനങ്ങൾ, രാസവളം, കീടനാശിനിപ്രയോഗങ്ങൾ, ഗുണനിലവാരമില്ലാത്ത

ജൈവവളങ്ങൾ, മണ്ണിന്റെ ഘടന, ഒരേ വിത്തുപയോഗിച്ചുള്ള ആവർത്തന കൃഷി എന്നിവമൂലം ഉല്പാദനത്തിൽ വൻ ഇടിവും കനത്ത നഷ്ടവുമാണ് അനുഭവപ്പെട്ടിരിക്കുന്നത്. 'വിത്തുഗുണം പത്തുഗുണം' എന്നാണ് ചൊല്ല്. നല്ല ഗുണമേന്മയുള്ള വിത്ത് ലഭിക്കാത്തതുമൂലം കഴിഞ്ഞ സീസണിൽ ഉല്പാദനത്തിൽ വൻ ഇടിവുണ്ടായിട്ടുണ്ട്. യഥാസമയം ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് വിത്ത് ലഭിക്കാതെ വരുമ്പോൾ കർഷർ സ്വകാര്യ ഏജൻസികളെ ആശ്രയിക്കുകയാണ്. സ്വകാര്യ ഏജൻസികൾ കൊയ്തെടുക്കുന്ന നെല്ല് വിത്തെന്ന പേരിൽ കർഷകർക്ക് നൽകുക പതിവാണ്. സീഡ് അതോറിറ്റി ശക്തമാക്കിക്കൊണ്ട് ആറ് വിപണന-സംഭരണ കേന്ദ്രങ്ങൾ  ആരംഭിക്കുമെന്ന നിലപാടുണ്ടായിരുന്നു. വിത്ത് സംഭരണ കേന്ദ്രങ്ങൾ അത്യാവശ്യമായ കാര്യമാണ്. വിളവിറക്കുന്ന സമയത്ത് നല്ലയിനം വിത്ത് ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണം. കാലാവസ്ഥാ വ്യതിയാനംമൂലം തൃശ്ശൂർ, പാലക്കാട് ജില്ലകളിലടക്കം നാൽപ്പത് ഡിഗ്രി സെൽഷ്യസ് വരെ ചൂട് ഉയരുകയുണ്ടായി. ഇതുമൂലം നെല്ല് ഉല്പാദനം പകുതിയോളമായി കുറഞ്ഞത് കർഷകരെ വളരെയധികം ദുരിതത്തിലാക്കിയിരിക്കുകയാണ്. കർഷകർക്ക് മതിയായ

നഷ്ടപരിഹാരം നൽകാൻ നടപടിയെടുക്കണം. മാത്രമല്ല, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അടിയന്തരമായി ശാസ്ത്ര-ഗവേഷണ പരിപാടികൾ സംഘടിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണം. എന്തുകൊണ്ട് ഇത്തരം വിളവ് ഇടിവ് സംഭവിക്കുന്നുവെന്ന കാര്യം ഗൗരവതരമായി പരിശോധനയ്ക്ക് വിധേയമാക്കി പരിഹരിക്കാൻ നടപടിയെടുക്കേണ്ടതുണ്ട്. ഉല്പാദനക്കുറവുമൂലം ഈ വർഷം തൃശ്ശൂർ ജില്ലയിൽമാത്രം 200 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായാണ് കണക്കുകൾ കാണിക്കുന്നത്. രാസവളവും കീടനാശിനിയുമുണ്ടാക്കുന്ന പ്രശ്നങ്ങളും വളരെയധികം ഗുരുതരമാണ്. നിരോധിക്കപ്പെട്ട Roundup അടക്കമുള്ള കീടനാശിനികൾ ഈ മേഖലയിൽ ഉപയോഗിക്കുന്നുവെന്നുള്ള റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കൃഷിവകുപ്പ് മുൻകൈയെടുത്ത് രാസവള-കീടനാശിനി വിൽപ്പനശാലകൾ പരിശോധിച്ച് ഇതൊക്കെ ഇല്ലെന്ന് ഉറപ്പുവരുത്തണം. രാജ്യത്തെ ഏറ്റവും ഉയർന്ന വില നെല്ലിന് കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. 2016-മുതൽ കൃത്യമായ വില നൽകുന്നതിൽ കുറവുണ്ടായിട്ടില്ല.

ഇത്തവണ ഉല്പാദനം പകുതിയായിട്ടും അതിന് കൃത്യമായ വില നൽകിയിട്ടില്ല. ഇനിയും കുറച്ചുകൂടി നൽകാനുണ്ട്. കേന്ദ്രസർക്കാർ ആയിരത്തി ചില്ല്വാനം കോടി രൂപ നെല്ലിന്റെ സംഭരണ വിലയിനത്തിൽ കൊടുക്കേണ്ടതായുണ്ട്. അടിയന്തരമായി കൊടുത്തുതീർക്കാനുള്ള വില കൊടുക്കാനാവശ്യമായ നടപടിയെടുക്കണം. സംഭരണ വിഷയത്തിൽ ബാങ്കുകൾ ഗുരുതര വീഴ്ചയാണ് കാണിക്കുന്നത്. മുൻകാലങ്ങളിൽ സഹകരണ പ്രസ്ഥാനങ്ങളെയടക്കം പ്രയോജനപ്പെടുത്തിക്കൊണ്ട് നെല്ല് സംഭരിക്കാനാവശ്യമായ നടപടിയുണ്ടായിരുന്നു. അത്തരത്തിൽ ഇവിടെയും നെല്ല് സംഭരിക്കാനാവശ്യമായ നടപടിയെടുക്കണം. ഇത്തവണത്തെ വിളവ് ഇടിവിൽ കൃത്യമായ പരിശോധന നടത്തി അവർക്കർഹമായ നഷ്ടപരിഹാരം നൽകുകയും ബാക്കിയുള്ള നെല്ലിന്റെ സംഭരണവില നൽകുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നുമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, വളരെ ഗൗരവതരമായ വിഷയമാണ് ആദരണീയനായ മുരളി പെരുനെല്ലി ശ്രദ്ധക്ഷണിക്കലിലൂടെ

ഉന്നയിച്ചിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ കാർഷികമേഖലയെ സാരമായി ബാധിക്കുന്നുവെന്നത് സർക്കാർ ഗൗരവതരമായാണ് കാണുന്നത്. 2024 ഫെബ്രുവരി മാസം മുതൽ മേയ് മാസം വരെയുണ്ടായ കടുത്ത വരൾച്ചയും ഉഷ്ണതരംഗവും തുടർന്നുണ്ടായ അതിതീവ്ര മഴയുംകാരണം നെൽക്കൃഷിയിലും മറ്റിതര കൃഷികളിലും വ്യാപകമായ നാശനഷ്ടവും ഉല്പാദനത്തിൽ കുറവും സംഭവിച്ചിട്ടുണ്ട്. വരൾച്ചമൂലമുണ്ടായ കൃഷിനാശം വിലയിരുത്താനായി ബ്ലോക്കുതലത്തിൽ വിദഗ്ധസമിതി രൂപീകരിക്കുകയും സ്ഥലസന്ദർശനം നടത്തി നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തിരുന്നു. മുണ്ടകൻ കൊയ്ത്തുകഴിഞ്ഞ പാടശേഖരങ്ങളിൽ ഉല്പാദനത്തിൽ ഹെക്ടറിന് 500 മുതൽ 1000 കിലോഗ്രാം വരെ കുറവുണ്ടായി എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 6369 ഹെക്ടർ നെൽക്കൃഷിക്ക് നാശനഷ്ടം സംഭവിച്ചതിലൂടെ പ്രത്യക്ഷമായി 1.25 കോടി രൂപയുടെയും പരോക്ഷമായി 1.36 കോടി രൂപയുടെയും നഷ്ടം കർഷകർക്കുണ്ടായിട്ടുണ്ടെന്നാണ് പ്രാഥമികമായ കണ്ടെത്തൽ. മേയ് മാസം അവസാനം സംസ്ഥാനത്തുണ്ടായ അതിതീവ്രമഴ 7124 ഹെക്ടർ നെൽക്കൃഷിയെയും 9146 കർഷകരെയും ബാധിച്ചതായാണ്

റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എയിംസ് പോർട്ടലിലെ പ്രാഥമിക വിവര കണക്കുപ്രകാരം 106.86 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. കേരളത്തിലെ നെൽവയലുകൾ സംരക്ഷിക്കാനും നെൽക്കർഷകർക്ക് പരമാവധി സേവനങ്ങൾ നൽകി അവരെ ഈ മേഖലയിൽ നിലനിർത്താനും സർക്കാർ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടാകുന്ന സാഹചര്യത്തിൽ പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിഹാര പദ്ധതിമുഖേന വിളനാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നുള്ള വിഹിതവും നൽകുന്നുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിമുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഗുണമേന്മയുള്ള വിത്ത് ലഭ്യമാകുന്നവെന്നുള്ള കാര്യത്തിൽ അത് ഉറപ്പുവരുത്താനായി സർക്കാർ

ഗൗരവതരമായ സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അക്കാര്യം വീണ്ടും പരിശോധിച്ച് അത് ഉറപ്പാക്കുന്നതായിരിക്കും. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതും പ്രസ്തുത കാലയളവിൽ വിളവെടുപ്പ് നടത്താൻ സാധിക്കുന്നതുമായ നെല്ലിന്റെ കൂടുതൽ വിത്തിനങ്ങൾ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ വിത്തുകളും കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിമുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. ഈ പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി അതിവിദഗ്ധ ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പാക്കുന്നുണ്ട്. വിവിധ ജില്ലകളിൽ നിശ്ചയിച്ചിരിക്കുന്ന പ്രീമിയം നിരക്കനുസരിച്ച് പ്രീമിയം അടച്ച് അംഗങ്ങളാകുന്ന നെൽക്കർഷകർക്ക് കേരളസർക്കാരും കേന്ദ്രസർക്കാരും തുല്യവിഹിതം പ്രീമിയമായി അടച്ചാണ്

പദ്ധതി നടപ്പാക്കുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളായ കനത്ത ചൂട്, വരൾച്ച, ഉഷ്ണതരംഗം, അതിതീവ്രമഴ തുടങ്ങിയവമൂലമുണ്ടാകുന്ന കൃഷിനാശനഷ്ടങ്ങൾ, കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ച് ശാസ്ത്രീയമായി കണ്ടെത്തി ഹെക്ടറിന് 80,000 രൂപവരെ നെൽക്കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. സംസ്ഥാന പദ്ധതിയായ നെൽക്കൃഷി വികസന പദ്ധതി, ജനകീയാസൂത്രണത്തിലൂടെ ത്രിതല പഞ്ചായത്ത് നടപ്പാക്കുന്ന നെൽക്കൃഷി പദ്ധതി എന്നിവയിലൂടെ കർഷകർക്ക് ഗുണമേന്മയുള്ള അത്യുല്പാദനശേഷിയുള്ള നെൽവിത്തുകൾ, കുമ്മായ വസ്തുക്കൾ, ഉഴവുകൂലി എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിലൂടെ സംസ്ഥാനത്ത് നെൽക്കൃഷിയുടെ വിസ്തീർണ്ണവും ഉല്പാദനവും നിലനിർത്താൻ കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ത്രിതല പഞ്ചായത്തുകൾ വകകൊള്ളിക്കുന്ന തുകയ്ക്കുപുറമെ 95.1 കോടി രൂപയാണ് 2024-2025 സാമ്പത്തിക വർഷം നെൽക്കൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് വകയിരുത്തിയിരിക്കുന്നത്. സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ പ്രകാരം 2015-16 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്ത് നെൽക്കൃഷിയുടെ വിസ്തൃതിയിൽ നേരിയ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിലും

അരിയുടെ ഉല്പാദനത്തിൽ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷം നെല്ലിന്റെ ഉല്പാദനക്ഷമത സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും ഉയർന്നതലമായ ഹെക്ടറിന് 4744 കിലോഗ്രാമായി മാറി. 2015-16 സാമ്പത്തിക വർഷത്തിൽ 4247 കിലോഗ്രാമായിരുന്നു. തരിശുനില കൃഷി പ്രോത്സാഹിപ്പിച്ചും നെൽവയലുകൾ തരംമാറ്റുന്നത് തടഞ്ഞും വയൽ നിലനിർത്തുന്ന കർഷകന് പ്രോത്സാഹന ബോണസ് നൽകിയും രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതികൾപ്രകാരം വിത്തുകൾ ഉല്പാദിപ്പിച്ച് നൽകിയും വിത്തുപരിശോധനാ കേന്ദ്രങ്ങൾ നവീകരിച്ച് ഉയർന്ന ഉല്പാദനക്ഷമതയും ഗുണമേന്മ ഉറപ്പാക്കിയതുമായ വിത്തുകൾ കർഷകർക്ക് നൽകിയും ഇൻഷ്വറൻസ് പരിരക്ഷ നൽകി കർഷകരെ ഈ മേഖലയിൽ നിലനിർത്തിയും ഉല്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽനിന്ന് പൂർണ്ണമായി സംഭരിച്ചുമാണ് ഈ നേട്ടം കൈവരിക്കാൻ സാധ്യമായത്. നെൽക്കൃഷിക്ക് നാശനഷ്ടമുണ്ടാകുന്ന സാഹചര്യങ്ങളിൽ ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും കൃഷിനാശത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് കർഷകർക്ക് ആവശ്യമായ നിർദേശങ്ങൾ കൃഷിഭവൻമുഖേനയും ദൃശ്യ-ശ്രാവ്യ-സാമൂഹിക മാധ്യമങ്ങൾ

മുഖേനയും നൽകുന്നുണ്ട്. ദേശീയതലത്തിൽ നടപ്പാക്കിവരുന്ന വികേന്ദ്രീകരണ ധാന്യസംഭരണ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് നെല്ലുസംഭരണം നടന്നുവരുന്നത്. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് പൂർണ്ണമായും സംഭരിക്കുന്നതും ഉയർന്ന വില നൽകുന്നതും നമ്മുടെ സംസ്ഥാനത്താണ്. ഈ വർഷവും പരാതികളൊന്നുമില്ലാതെ സമയബന്ധിതമായി സംഭരണപ്രക്രിയ പൂർത്തിയാക്കിവരുന്നു. കേന്ദ്ര സർക്കാർ നൽകേണ്ട താങ്ങുവിലയോടൊപ്പം സംസ്ഥാന പ്രോത്സാഹന ബോണസ്സുകൂടി ചേർത്താണ് കർഷകർക്ക് സംഭരണ വില നൽകിവരുന്നത്. ഈ സംഭരണ കാലത്ത് സംസ്ഥാനത്ത് 198214 കർഷകരിൽനിന്നായി 558412 മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇതിന്റെ വിലയായി നൽകേണ്ട 1551.43 കോടി രൂപയിൽ 1173.81 കോടി രൂപയും നൽകിക്കഴിഞ്ഞു. ഇനി 53818 കർഷകർക്ക് 407.62 കോടി രൂപ നൽകാൻ ബാക്കിയുണ്ട്. ആയതുനൽകാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. നെൽ സംഭരിച്ച വകയിൽ കേന്ദ്രസർക്കാരിൽനിന്ന് സംസ്ഥാനത്തിന് 1079.5 കോടി രൂപ ലഭ്യമാകാനുണ്ട്. നെല്ലിന്റെ സംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

കേരളത്തിന്റെ നെല്ലറകളായ കുട്ടനാട്, പാലക്കാട്, തൃശ്ശൂർ കോൾ നിലങ്ങൾ തുടങ്ങിയവയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. കേരളത്തിലെ നെൽക്കർഷകരെ സഹായിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വരൾച്ചമൂലം കൃഷിനാശമുണ്ടായ കർഷകരെ സഹായിക്കുന്നതിനായി അധിക തുക നൽകണമെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് 21-06-2024-ൽ കത്തയച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയെ ഈ മാസംതന്നെ നേരിൽക്കണ്ട് കർഷകപ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. സർക്കാർ നിലവിൽ കൈക്കൊണ്ടുകൊണ്ടിരിക്കുന്ന നടപടികളിലൂടെ കേരളത്തിലെ നെൽക്കർഷകർക്ക് നല്ല വരുമാനം ഉറപ്പാക്കി മേഖലയിൽ നിലനിർത്താനും നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സാധ്യമാകുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. റൗണ്ടപ്പ് പോലുള്ള കീടനാശിനികൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. രാസവള-കീടനാശിനി ശാലകൾ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നുകൂടി അറിയിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, കൃഷിനാശം സംഭവിച്ചവർക്ക് ഇൻഷ്വറൻസ് ലഭിക്കുകയെന്നുള്ളത് കർഷകരുടെ അവകാശമാണ്. അശാസ്ത്രീയമായ നടപടികളും നിർദ്ദേശങ്ങളും ഒഴിവാക്കി അർഹരായ മുഴുവൻ കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും അനാവശ്യമായ എല്ലാ കാര്യങ്ങളും ഒഴിവാക്കുന്നതായിരിക്കും. കർഷകർക്ക് ഇൻഷ്വറൻസിന്റെ പരിരക്ഷ വേഗത്തിൽ ലഭിക്കണം. കാലാവസ്ഥാ വ്യതിയാനം നമ്മുടെ മുമ്പിലുള്ള യാഥാർത്ഥ്യമാണെന്നുള്ളതുകൊണ്ട് പൂർണ്ണമായ വിളവുകൾ നശിക്കുന്നതല്ല, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്ന തരത്തിലുള്ള കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അതിനനുസരിച്ച് മഴയുടെ കൂടുതൽ, കുറവ്, വരൾച്ച, ഉഷ്ണതരംഗം എന്നിവയെല്ലാം കണക്കിലെടുത്ത് ഉല്പാദനത്തിൽ കുറവുവരുമെന്ന് കണക്കുകൂട്ടിക്കൊണ്ടുള്ള നഷ്ടപരിഹാരം നൽകുന്ന കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി കേരളത്തിലെ 14 ജില്ലകളിലും നടപ്പാക്കി. 27 വിള കളെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും കർഷകർക്ക് ബുദ്ധിമുട്ടില്ലാതെ

ഇൻഷ്വറൻസിൽ ചേരുന്നതിനുൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കുന്നതായിരിക്കും. അനാവശ്യമായ ഒരു കാര്യങ്ങളും അടിച്ചേൽപ്പിക്കുകയില്ല എന്നുകൂടി അറിയിക്കുന്നു.

## 2. തീരദേശ പരിപാലന പ്ലാനിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ തീരദേശങ്ങളിൽ ജീവിക്കുന്ന സാധാരണ മനുഷ്യരുടെ ജീവിതപ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. 2011-നാണ് തീരദേശ പരിപാലന നിയമം നിലവിൽ വന്നത്. 18.01.2019-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തെത്തുടർന്ന് സംസ്ഥാന സർക്കാർ തയ്യാറാക്കിയ കരട് തീരദേശ പരിപാലന പ്ലാൻ അപൂർണ്ണവും കടലോര ഉൾനാടൻ തീരങ്ങളിൽ അധിവസിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്ന ഒന്നാണെന്ന ആശങ്ക ഉയർന്നുവന്നിട്ടുണ്ട്. ആ ആശങ്കയാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. തീരദേശപരിപാലന നിയമത്തിൽ ഇളവ് നൽകുന്നതിനായി കേന്ദ്രഗവൺമെന്റ് 18.01.2019-ലാണ് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചത്.

ഇപ്രകാരം ലഭിക്കുന്ന ഇളവുകൾ സംസ്ഥാനത്തിന് പൂർണ്ണമായും ഉപകാരപ്പെടുംവിധം പഠിച്ച് ശിപാർശകൾ സമർപ്പിക്കാനായി പരിസ്ഥിതി വകുപ്പുസെക്രട്ടറി ചെയർമാനായൊരു മൂന്നംഗ വിദഗ്ധ സമിതിയെ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ചിരുന്നു. ഈ സമിതി തയ്യാറാക്കിയ കരട് തീരദേശ പരിപാലന പ്ലാൻ തീരദേശവാസികളെ പ്രതികൂലമായി ബാധിക്കുന്നുവെന്നാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. 2021 ജൂലൈ മാസത്തിൽ കരട് തീരദേശ പരിപാലന പ്ലാൻ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ മത്സ്യത്തൊഴിലാളി സംഘടനകൾക്ക് നൽകുകയുണ്ടായി. എല്ലാ പാർട്ടികളുടേയും മത്സ്യത്തൊഴിലാളി സംഘടനകൾ അത് ചർച്ച ചെയ്തതാണ്. ശ്രീ. വി. ദിനകരൻ, ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. ചിത്തരഞ്ജൻ അടക്കമുള്ള എല്ലാ പാർട്ടികളുടേയും മത്സ്യത്തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തതാണ്. അതിനെ സംബന്ധിച്ച വകുപ്പുതല നിർദ്ദേശങ്ങൾ 22.07.2021-ൽ സംസ്ഥാന സർക്കാരിന് നൽകിയെങ്കിലും കരട് തീരദേശ പ്ലാൻ തയ്യാറാക്കിയ അവസരത്തിൽ ഈ മത്സ്യത്തൊഴിലാളി സംഘടനകളുമായി ഒരു ചർച്ചയും പിന്നീട് ഉണ്ടായിട്ടില്ല. അങ്ങനെ ചർച്ച

ചെയ്യാതെ രൂപപ്പെടുത്തിയ കരട് തീരദേശ പ്ലാനിന്മേൽ അഭിപ്രായം ആരായുന്നതിനാണ് പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പബ്ലിക് ഹിയറിംഗ് നടത്തിയത്. ഞങ്ങളുടെ നാട്ടിൽ നിന്നും ധാരാളം ആളുകൾ ഈ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തിരുന്നു. ഇതൊരുതരത്തിലും അംഗീകരിക്കാൻ സാധിക്കില്ലെന്ന നിലപാടാണ് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി സംഘടനകളും ബന്ധപ്പെട്ട മറ്റ് സംഘടനകളും സ്വീകരിച്ചത്. കേരളത്തിലെ 66 തീരദേശ ഗ്രാമങ്ങളെ മാത്രമാണ് കരട് പ്ലാൻപ്രകാരം CRZ-III-ൽ നിന്ന് CRZ-II കാറ്റഗറിയിലേക്ക് മാറ്റിയിട്ടുള്ളത്. സമാന സ്വാഭാവത്തിലുള്ള നിരവധി ഗ്രാമപഞ്ചായത്തുകളും മുൻസിപ്പൽ കോർപ്പറേഷൻ വാർഡുകളും ഈ പ്ലാനിൽ ഉൾപ്പെട്ടിട്ടില്ല. തീരദേശ പരിപാലന നിയമത്തെത്തുടർന്ന് കാറ്റഗറി 3-ൽ ഉൾപ്പെടുന്ന തീരദേശ പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ജനങ്ങൾ നേരിടുന്ന പ്രതിസന്ധി പ്രത്യേകിച്ച് പറയേണ്ടല്ലോ? വീട് നിർമ്മിക്കാൻ കഴിയില്ല, നമ്പർ നൽകില്ല, പുതുക്കിയ കടമുറികൾ നിർമ്മിക്കാൻ കഴിയില്ല, പഴയ കടമുറി പൊളിച്ച് നിർമ്മിക്കാൻ കഴിയില്ല, പുതുതായി കടമുറികൾ വയ്ക്കാൻ കഴിയില്ല, പഞ്ചായത്ത്

നമ്പർ നൽകില്ല. വളരെ ഗുരുതരമായ സാഹചര്യമാണ് തീരദേശ പരിപാലന നിയമം വന്നതിനുശേഷം മത്സ്യത്തൊഴിലാളികളും കയർ തൊഴിലാളികളുമടങ്ങുന്ന തീരദേശത്തെ ജനങ്ങൾ നേരിടുന്നത്. CRZ ക്ലിയറൻസിനുവേണ്ടി അയയ്ക്കുന്ന അപേക്ഷകളിൽ ഒന്നിൽപ്പോലും പരിഹാരമുണ്ടാകുന്നില്ലെന്ന പരാതിയുമുണ്ട്. CRZ ക്ലിയറൻസിനുവേണ്ടി കൊടുക്കുന്ന അപേക്ഷകൾ കുന്നുകൂടി കിടക്കുകയാണ്. മലയോര മേഖലയിലെ ബഫർ സോൺ തീരുമാനിച്ചപ്പോൾ ജനവാസകേന്ദ്രങ്ങളെ ഞങ്ങളെല്ലാവരും ചേർന്ന് ഒഴിവാക്കിയതാണ്. അതുപോലെ തീർദേശവാസികളുടെ കാര്യത്തിലും അടിയന്തര ശ്രദ്ധയുണ്ടാകണം. സംസ്ഥാനത്ത് 398 തീരദേശ പഞ്ചായത്തുകൾ ഉള്ളതിൽ കേവലം 66 പഞ്ചായത്തുകളെ മാത്രമാണ് CRZ II-ൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടനാട് താലൂക്കിലെ 13 പഞ്ചായത്തുകളെ ഈ ലിസ്റ്റിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിരിക്കുകയാണ്. സുനാമി മേഖലകളായ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പൊന്മന, ആലപ്പാട്, പുറക്കാട്, പുന്നപ്ര നോർത്ത്, പുന്നപ്ര സൗത്ത് എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ല. കടലിനും കായലിനുമിടയിൽ സ്ഥിതിചെയ്യുന്ന ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പൊഴിയൂർ,

പനത്തുറ, കോവളം, പൊന്മന, ആലപ്പാട്, ഒറ്റമശ്ശേരി, ഞാറയ്ക്കൽ, ഇടവനക്കാട്, ഇളങ്കുന്നപ്പുഴ, നായരമ്പലം, കുഴിപ്പള്ളി, പള്ളിപ്പുറം, കടപ്പുറം, വലിയപറമ്പ് എന്നീ കോർപ്പറേഷൻ വാർഡുകളേയും പഞ്ചായത്തുകളേയും CRZ-II- ൽ ഉൾപ്പെടുത്തിയിട്ടില്ല. മിക്ക തീരദേശ പഞ്ചായത്തുകളും ജനനിബിഡമാണ്. 66 പഞ്ചായത്തുകളെ മാത്രമാണ് ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഏകപക്ഷീയമായ നിലയിലാണിപ്പോൾ കരട് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഭൂമിയുടെ ലഭ്യത, ജനസാന്ദ്രത, തീരദേശ പഞ്ചായത്തുകളുടെ വികസിത സ്വഭാവം, പഞ്ചായത്തുകളുടെ നഗര സ്വഭാവം എന്നിവയൊന്നുംതന്നെ പരിഗണിച്ചിട്ടില്ല. കേരളത്തിലെ ഏതാണ്ട് എല്ലാ പഞ്ചായത്തുകളും ഇന്ന് നഗര സ്വഭാവത്തിലുള്ളതാണ്. ഒട്ടുമിക്ക പഞ്ചായത്തുകളും നഗരപ്രദേശത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നതാണ്. 2019-ലെ CRZ വിജ്ഞാപനമനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളെ സ്വാഭാവിക സവിശേഷതകൾക്കനുസരിച്ച് തിരിച്ചറിയുന്നതിനും വർഗീകരണം ചെയ്യുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരിനുള്ളതാണ്. ഈ സാഹചര്യത്തിൽ രണ്ടുമൂന്ന് നിർദേശങ്ങളാണ് എനിക്ക് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 222 കടലോര മത്സ്യത്തൊഴിലാളി ഗ്രാമങ്ങളും 115 ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുമുൾക്കൊള്ളുന്ന മുഴുവൻ തീരദേശ പഞ്ചായത്തുകളെയും മുൻസിപ്പൽ കോർപ്പറേഷനുകളെയും CRZ-II-ൽ ഉൾപ്പെടുത്തി മാപ്പ് തയ്യാറാക്കുക. സുനാമി ഖനന മേഖലകളായ ആലപ്പാട്, പൊന്മന, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പുറക്കാട്, പുന്നപ്ര സൗത്ത്, പുന്നപ്ര നോർത്ത് ഈ പഞ്ചായത്തുകളെ CRZ-II ആക്കി മാപ്പ് തയ്യാറാക്കുക. പരമ്പരാഗത കടലോര ഉൾനാടൻ തീരദേശവാസികൾക്ക് വികസന നിരോധന മേഖലയിലും ഭവന നിർമ്മാണത്തിലും അനുബന്ധമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കത്തക്ക നിലയിൽ പ്ലാൻ തയ്യാറാക്കുക. തീരദേശ മേഖലാ പരിപാലന പ്ലാനനുസരിച്ചുള്ള മാപ്പുകളിൽ കൃത്യമായി ഓരോ പ്രദേശത്തും ലാൻഡ് യൂസേജ് പ്ലാനുണ്ടാക്കണമെന്ന വിജ്ഞാപനത്തിലെ നിർദേശമനുസരിച്ച് പ്ലാൻ തയ്യാറാക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ് പ്ലീസ്...

ശ്രീ. രമേശ് ചെന്നിത്തല: സർ, ദ്വീപുകൾക്കും തുരുത്തുകൾക്കും 20 മീറ്റർ പരിധിയിൽ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാനിൽ എല്ലാ

ഉൾനാടൻ മത്സ്യഗ്രാമങ്ങളെയും ഉൾപ്പെടുത്തി മാപ്പ് തയ്യാറാക്കുക. 2021-ലെ വിജ്ഞാപനമനുസരിച്ച് അനുവാദം കിട്ടാതിരുന്ന യു.എ. നമ്പർ നൽകിയിട്ടുള്ള ഭവനങ്ങൾ അനുവദിച്ച് നൽകാനുള്ള നടപടി സ്വീകരിക്കുക. തീരശോഷണവും കടലാക്രമണവുംമൂലം മാറ്റിപ്പാർപ്പിക്കുന്ന തദ്ദേശവാസികൾക്ക് സ്ഥലം അവരുടെ ഉടമസ്ഥതയിൽ നിലനിർത്താൻ സഹായിക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...അങ്ങ് ധാരാളം സമയമെടുത്തു.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുപോലെ ടൂറിസം വികസ പ്ലാൻ ഉൾപ്പെടുത്തുമ്പോൾ അതിന്റെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കണം എന്നീ ആവശ്യങ്ങളാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഇപ്പോൾ സോൺ III-ലുള്ളതിനെ സോൺ II-ലേക്ക് മാറ്റാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): സർ, ഗൗരവമായ വിഷയമാണ് അദ്ദേഹം ഉന്നയിച്ചത്. ചില തെറ്റിദ്ധാരണകളുണ്ട്, ആ തെറ്റിദ്ധാരണ ഈ മറുപടിയോടുകൂടി തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2011-ലെ

തീരദേശപരിപാലന നിയമത്തിൽ കൂടുതൽ ഇളവ് അനുവദിക്കുന്നതിനുള്ള ഭേദഗതി 2019-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഇളവുകൾ പൂർണ്ണമായും സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് പഠിക്കാൻ പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരുമായി വിശദമായ ചർച്ചകൾ നടത്തിയശേഷമാണ് തീരദേശവാസികൾക്ക് ഉപകാരപ്പെടുന്ന രീതിയിലുള്ള കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയത്. തുടർന്ന് കരട് പ്ലാനിൽ പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിനായി 10 തീരദേശ ജില്ലകളിലും 2023 മാർച്ച് മുതൽ ജൂൺ വരെ പബ്ലിക് ഹിയറിംഗ് നടത്തുകയുണ്ടായി. ഇതിൽ ലഭിച്ച 33,000-ത്തോളം പരാതികളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് കരട് പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന് (NCSCM)

കൈമാറി. പ്രസ്തുത സ്ഥാപനം നിർദേശിച്ച ഭേദഗതികളും അധിക വിവരങ്ങളും ഉൾപ്പെടുത്തിയ കരട് പ്ലാൻ, ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ, ടൂറിസം മാനേജ്മെന്റ് പ്ലാൻ, ലാൻറ് യൂസ് മാപ്പ് എന്നിവ NCSCM-ന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റിക്ക് 11.06.2024-ന് നൽകിയിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കരട് പ്ലാൻ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതിക്ക് സമർപ്പിക്കുന്നതാണ്. തീരദേശപരിപാലന നിയമപ്രകാരം ഏറ്റവും കുറവ് നിയന്ത്രണമുള്ള മേഖലയാണ് CRZ-II. കേന്ദ്രം മുൻസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും മാത്രമാണ് പൊതുവിൽ CRZ-II-ൽ ഉൾപ്പെടുത്തുന്നത്. എന്നാൽ രാജ്യത്തിന്റെ മറ്റുസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജനസാന്ദ്രതയുടെ കാര്യത്തിലും അടിസ്ഥാന സൗകര്യവികസനത്തിന്റെ കാര്യത്തിലും സംസ്ഥാനത്തെ തീരദേശ മേഖലയോട് ചേർന്നുകിടക്കുന്ന ഏറെക്കുറെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസ്വഭാവമുള്ളവയാണ്. പഞ്ചായത്തുകളെ CRZ-II-ൽ ഉൾപ്പെടുത്താത്ത

സാഹചര്യമുണ്ടായാൽ അത് സംസ്ഥാനത്തിന് വളരെയധികം ദോഷമുണ്ടാക്കുന്ന തീരുമാനമാകും. ഇക്കാര്യം പരിഗണിച്ച് 175 പഞ്ചായത്തുകളെ Legally Designated Urban Area-കളായി വിജ്ഞാപനം ചെയ്യുകയും CRZ-II-ന്റെ ആനുകൂല്യം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിൽ 66 ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ അനുമതി ലഭിച്ച 66 പഞ്ചായത്തുകളിൽ ചില പഞ്ചായത്തുകളിലെ ആണവോർജ്ജ വകുപ്പ് നിർദേശിച്ച പ്രദേശങ്ങൾക്ക് ഇളവിന് നിയന്ത്രണമുണ്ടാകും. സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം ആനുകൂല്യം അനുവദിക്കുന്നതിൽ അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ സർക്കാർ തുടർനടപടി സ്വീകരിക്കുന്നതാണ്. കരട് പ്ലാനിന് കേന്ദ്രാനുമതി ലഭിക്കുന്നതോടെ പൊക്കാളിപ്പാടങ്ങളും അതിന്റെ അനുബന്ധ പ്രദേശങ്ങളും സി.ആർ.ഇസഡ്-ൽനിന്നും പൂർണ്ണമായും ഒഴിവാക്കപ്പെടും. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആയിരം ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർസോൺ

പൂർണ്ണമായും ഒഴിവാകും. തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിലുൾപ്പെടുന്ന ഉൾനാടൻ ജലാശയങ്ങളുടെ നിർമ്മാണ നിരോധിതമേഖല 100 മീറ്ററിൽനിന്നും 50 മീറ്ററായി കുറയും. കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 10 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ദ്വീപുകളുടെ സി.ആർ.ഇസഡ്. പരിധി 50 മീറ്ററിൽനിന്ന് 20 മീറ്ററാക്കി കുറയ്ക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കുന്നുണ്ട്. 10 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ദ്വീപുകൾക്കുള്ള മാർഗരേഖ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. തീരദേശപരിപാലന നിയമത്തിൽ കൂടുതൽ ഇളവുകൾ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. പൊതുജനാഭിപ്രായം തേടികൊണ്ടും ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലുമുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും തുടർന്നും കൈക്കൊള്ളുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 66 പഞ്ചായത്തുകൾക്ക് മാത്രമാണ് സി.ആർ.ഇസഡ്. II-ലേയ്ക്ക് മാറ്റം വന്നിട്ടുള്ളത്. നൂറിലധികം

പഞ്ചായത്തുകൾക്കാണ് നമ്മൾ ശിപാശ ചെയ്തത്. ബാക്കിയുള്ള പഞ്ചായത്തുകൾകൂടി സി.ആർ.ഇസഡ്.-II-ലേയ്ക്ക് മാറ്റാനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യമായതിനാൽ ഇക്കാര്യങ്ങൾ തീർച്ചയായും കേന്ദ്രസർക്കാരിനെ അറിയിക്കുന്നതാണ്. 175 പഞ്ചായത്തുകൾ സി.ആർ.ഇസഡ്.-II-ലേയ്ക്ക് മാറ്റാൻ ആവശ്യപ്പെട്ടപ്പോൾ 66 പഞ്ചായത്തുകൾ മാത്രമാണ് മാറ്റിയിട്ടുള്ളത്. ബാക്കിയുള്ള പഞ്ചായത്തുകളുടെ കാര്യങ്ങൾക്കായി തുടർന്നും സമ്മർദം ചെലുത്തിക്കൊണ്ടേയിരിക്കും.